**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1383** **11-09-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യവകുപ്പിന്റെ അനുമതിയില്ലാതെ മന്ത്രിസഭയുടെ അംഗീകാരത്തോടെ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ,തീരുമാനങ്ങൾ എന്നിവ എന്തൊക്കെയാണ്;വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് (ബി) വകുപ്പിന്റെ ബി1/67/2023/ പൊമവ ഫയലിൽ തൃശ്ശൂർ റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.മല്ലൻ. സി യ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതി തേടാതെ മന്ത്രിസഭയുടെ അംഗീകാരത്തോടെ പാലക്കാട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. |
| (ബി) | മേൽ സൂചിപ്പിച്ച ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു; വിശദാംശം നൽകാമോ? | (ബി) | ശ്രീ.മല്ലൻ.സി യ്ക്ക് അന്തർജില്ലാ സ്ഥലമാറ്റം അനുവദിച്ചതുമായി ബന്ധപ്പെട്ട ക്യാബിനറ്റ് നോട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. ഇക്കാര്യത്തിൽ സാമ്പത്തിക ബാധ്യത ഇല്ല. |

സെക്ഷൻ ഓഫീസർ

# Note for the Council of Ministers

This note relates to the permission to grant inter district transfer of Sri. Mallan. C, Office Attendant in the office of the Executive Engineer, PWD Roads Division, Thrissur to Palakkad District.

2) Sri. Mallan. C had been working in Public Works Department, Building Division, Thrissur as Watchman from 01/06/2015. Later on 01/02/2021 he was appointed as Office Attendant in the Office of the Executive Engineer, Thrissur Roads Division, Public Works Department on by-transfer appointment. In the meantime he was on unauthorized absence. Hence he was called for personal hearing. At that time he was stated that he belonging from tribal forest area and he could only reach his home by walking a distance of 15 km due to lack of adequate transportation facilities. So he finds it very difficult to reach his office in Thrissur District. Therefore he had been submitted an applicantion for inter-district transfer from Thrissur to any of the office, Public Works Department in Agali or Mannarkad, which is nearer to his residence on humanitarian grounds. But his application could not be considered due to non-availability of vacancies earmarked for inter-district transfer of last grade servants in Palakkad district during last year. However, the Chief Engineer, Administration has recommended that the request of Sri. Mallan. C, Office Attendant in the office of the Executive Engineer, Thrissur Roads Division,

Public Works Department may be granted inter district transfer, considering the practical difficulties of him as a special case.

3) On the basis of the request of Chief Engineer, Administration, Public Works Department and considering his practical difficulties to reach his home, the request for inter district transfer in respect of Sri. Mallan. C, Office Attendant in the office of the Executive Engineer, Thrissur Roads Division, Public Works Department to any of the office of Public Works Department office in Agali or Mannarkad, which is nearer to his residence in Palakkad District. As per the para $6^{th}$ of the G.O(P) No. 36/91/P&ARD dated 02/12/1991, relaxation should be done only with the permission of the cabinet.

4) When consulted, the Personnel and Administrative Reforms Department remarked as follows :

"ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് സ്പെഷ്യൽ റൂളിലെ ചട്ടം 17(ഡി) യിലെ വ്യവസ്ഥ കൂടാതെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിൽ 02/12/1991 -ലെ സ.ഉ(പി)നം.36/91/ഉ.ഭ.പ.വ-യിലെ വ്യവസ്ഥകളും ബാധകമാണ്. ശ്രീ.മല്ലൻ,സി-യുടെ പൂർണ്ണമായ സർവ്വീസ് വിവരം ഭരണവകുപ്പ് ഫയലിൽ ലഭ്യമല്ല. ടിയാൻ 29.08.2000 മുതൽ അനധികൃത ഹാജരില്ലായ്മയിലായിരുന്നുവെന്നും 12.01.2023-ലാണ് സർവ്വീസിൽ തിരികെ പ്രവേശിച്ചതെന്നും പരാമർശിക്കുന്നു. എന്നാൽ ടിയാൻ സർവ്വീസിൽ പ്രവേശിച്ച തീയതിയോ, ടിയാന് തൃശ്ശൂർ ജില്ലയിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള അഞ്ചുവർഷ സേവനം പൂർത്തിയായിട്ടുണ്ടോയെന്ന വിവരമോ ലഭ്യമല്ല. അതിനാൽ 02/12/1991 ലെ

G.O(P) No. 36/91/P&ARD-ലെ എത് വ്യവസ്ഥയിൽ ഇളവ് നൽകണമെന്നാണ് ഭരണവകുപ്പ് ഉദ്ദേശിക്കുന്നത് എന്നതിൽ വ്യക്തതയില്ലായെന്നറിയിക്കുന്നു. അഞ്ചുവർഷ സേവന വ്യവസ്ഥയിൽ ഇളവനുവദിക്കുന്നവിഷയത്തിൽ 02/12/1991 ലെ G.O(P) No. 36/91/P&ARD-ലെ ഖണ്ഡിക 5 ലെ വ്യവസ്ഥയാണ് ബാധകം. എന്നാൽ ടി ഉത്തരവിലെ ഖണ്ഡിക 6 ലെ വ്യവസ്ഥയായ 10% ഒഴിവ് സംബന്ധിച്ച വ്യവസ്ഥയുടെ കാര്യത്തിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ചാണെങ്കിൽ, ശ്രീ.മല്ലൻ സി ആദിവാസി വിഭാഗത്തിൽപ്പെട്ട വനമേഖലക്കുള്ളിൽ ജനിച്ച് വളർന്ന ആളും മതിയായ യാത്ര സൗകര്യം ഇല്ലാത്തതിനാൽ 15 കി.മീ ദൂരം കാൽനടയായി യാത്ര ചെയ്ത് സ്വന്തം വാസസ്ഥലത്ത് എത്താൻ കഴിയുകയുള്ളൂ എന്ന ടിയാന്റെ സാഹചര്യവും കണക്കിലെടുത്ത്, തികച്ചും അനുകമ്പാർഹമായ ഒരു കേസായി പരിഗണിക്കാമെന്ന് ഭരണവകുപ്പ് കരുതുന്ന പക്ഷം, ടി വ്യവസ്ഥയിൽ ഇളവ് നൽകി അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് തേടി അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു".

5) For taking a decision on the request of Sri. Mallan. C, Office Attendant, O/o the Executive Engineer, PWD Roads Division, Thrissur for inter district transfer to any of the office of Public Works Department in Agali or Mannarkad, which is nearer to his residence in Palakkad District, as a special case, complying with the proviso to para 6 of the G.O(P) No. 36/91/P&ARD

dated 02/12/1991, this file was circulated to the Hon'ble Chief Minister through Hon'ble Minister for Public Works Department. The Hon'ble Chief Minister ordered to place the matter before the Council of Ministers.

**POINT FOR DECISION**

Whether inter district transfer may be given to Sri. Mallan. C, Office Attendant, O/o the Executive Engineer, PWD Roads Division, Thrissur to any of the office of the Public Works Department in Agali or Mannarkad of Palakkad District, considering his request, as a special case in relaxation of the prevailing rules as per G.O(P) No. 36/91/P&ARD dated 02/12/1991 ?

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പൊതുമരാമത്ത് വകുപ്പിൽ തൃശ്ശൂർ റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.മല്ലൻ. സി യ്ക്ക് പാലക്കാട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിയ്ക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ശ്രീ. മല്ലൻ. സി 01/06/2015 മുതൽ വാച്ച്മാൻ തസ്തികയിൽ പൊതുമരാമത്ത് വകുപ്പ്, കെട്ടിടവിഭാഗം, തൃശ്ശൂരിൽ ജോലിചെയ്തുവരുകയായിരുന്നു. 01.02.2021 ൽ തസ്തികമാറ്റം വഴി പൊതുമരാമത്ത് വകുപ്പിൽ, തൃശ്ശൂർ റോഡ്സ് ഡിവിഷൻ, എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റായി നിയമിതനായ ശ്രീ. മല്ലൻ സി, അനധികൃത ഹാജരില്ലായ്മയിലായിരുന്നു. ശ്രീ. മല്ലൻ. സി യെ ഹീയറിംഗ് നടത്തിയതിൽ നിന്നും ടിയാൻ ആദിവാസി വിഭാഗത്തിൽപ്പെട്ട വനമേഖലക്കുള്ളിൽ ജനിച്ച് വളർന്ന ആളാണ് എന്നും, മതിയായ യാത്രാ സൗകര്യം ഇല്ലാത്തതിനാൽ 15 കി.മീ ദൂരം കാൽനടയായി യാത്ര ചെയ്ത് മാത്രമേ സ്വന്തം വാസസ്ഥലത്ത് എത്താൻ കഴിയുകയുള്ളൂ എന്നും ബോധ്യപ്പെട്ടു. അതിനാൽ തൃശ്ശൂർ ഓഫീസിൽ ജോലി ചെയ്യുന്നതിന് ടിയാൻ പ്രായോഗികമായി വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നു. ആയതിനാൽ, തൃശ്ശൂർ കാര്യാലയത്തിൽ നിന്നും, പാലക്കാട് ജില്ലയിൽ ടിയാന്റെ താമസ സ്ഥലമായ വനമേഖലയ്ക്ക് അടുത്തുള്ള അഗളി, മണ്ണാർക്കാട് എന്നീ സ്ഥലങ്ങളിലെ ഏതെങ്കിലും കാര്യാലയത്തിൽ മാനുഷികമായ പരിഗണന നൽകി അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നതിന് ശ്രീ. മല്ലൻ സി. അപേക്ഷിച്ചിരുന്നു. എന്നാൽ ടി അപേക്ഷ, കഴിഞ്ഞ വർഷം പാലക്കാട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് ആനുപാതികമായ ഒഴിവുകൾ ഇല്ലാത്തതിനാൽ പരിഗണിക്കാൻ കഴിഞ്ഞില്ല എന്നും, ഈ സാഹചര്യത്തിൽ ടിയാന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ടിയാന്റെ താമസ സ്ഥലമായ വനമേഖലയ്ക്ക് അടുത്തുള്ള അഗളി, മണ്ണാർക്കാട് എന്നീ

സ്ഥലങ്ങളിൽ ഉള്ള ഏതെങ്കിലും കാര്യാലയത്തിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന്, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് അനുമതി നൽകണമെന്ന് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്യുകയുമുണ്ടായി.

3) ശ്രീ. മല്ലൻ. സി, ആദിവാസി വിഭാഗത്തിൽപ്പെട്ട വനമേഖലക്കുള്ളിൽ ജനിച്ച് വളർന്ന്, മതിയായ യാത്രാ സൗകര്യം ഇല്ലാത്തതിനാൽ 15 കി.മീ ദൂരം കാൽനടയായി യാത്ര ചെയ്ത് സ്വന്തം വാസസ്ഥലത്ത് എത്താൻ കഴിയുകയുള്ളൂ എന്നതിനാലും, തൃശ്ശൂർ ഓഫീസിൽ ജോലി ചെയ്യുന്നതിന് ടിയാൻ പ്രായോഗികമായി വളരെയേറെ ബുദ്ധിമുട്ടുന്നതിനാലും, തൃശ്ശൂർ കാര്യാലയത്തിൽ നിന്നും, പാലക്കാട് ജില്ലയിൽ ടിയാന്റെ താമസ സ്ഥലമായ വനമേഖലയ്ക്ക് അടുത്തുള്ള അഗളി, മണ്ണാർക്കാട് എന്നീ സ്ഥലങ്ങളിലെ ഏതെങ്കിലും കാര്യാലയത്തിൽ, പ്രത്യേക കേസ്സായി പരിഗണിച്ച് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകണമെന്നുമുള്ള ചീഫ് എഞ്ചിനീയറുടെ അഭ്യർത്ഥനയിന്മേലും, 02/12/1991 ലെ സ.ഉ(പി)നം.36/91/ഉ.ഭ.പ.വ ഉത്തരവിലെ വ്യവസ്ഥകളിന്മേൽ ഇളവ് അനുവദിക്കുന്നതിനും മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതുണ്ട്.

4) ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് സ്പെഷ്യൽ റൂളിലെ ചട്ടം 17(ഡി) യിലെ വ്യവസ്ഥ കൂടാതെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിൽ 02/12/1991 -ലെ സ.ഉ(പി)നം.36/91/ഉ.ഭ.പ.വ-യിലെ വ്യവസ്ഥകളും ബാധകമാണ്. ശ്രീ.മല്ലൻ,സി-യുടെ പൂർണ്ണമായ സർവ്വീസ് വിവരം ഭരണവകുപ്പ് ഫയലിൽ ലഭ്യമല്ല. ടിയാൻ 29.08.2000 മുതൽ അനധികൃത ഹാജരില്ലായ്മയിലായിരുന്നുവെന്നും 12.01.2023-ലാണ് സർവ്വീസിൽ തിരികെ പ്രവേശിച്ചതെന്നും പരാമർശിക്കുന്നു. എന്നാൽ ടിയാൻ സർവ്വീസിൽ പ്രവേശിച്ച തീയതിയോ, ടിയാന് തൃശ്ശൂർ ജില്ലയിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള അഞ്ചുവർഷ സേവനം പൂർത്തിയായിട്ടുണ്ടോയെന്ന വിവരമോ ലഭ്യമല്ല. അതിനാൽ 02/12/1991 ലെ G.O(P) No. 36/91/P&ARD-ലെ ഏത് വ്യവസ്ഥയിൽ ഇളവ് നൽകണമെന്നാണ്

ഭരണവകുപ്പ് ഉദ്ദേശിക്കുന്നത് എന്നതിൽ വ്യക്തതയില്ലായെന്നറിയിക്കുന്നു. അഞ്ചുവർഷ സേവന വ്യവസ്ഥയിൽ ഇളവനുവദിക്കുന്നവിഷയത്തിൽ 02/12/1991 ലെ G.O(P) No. 36/91/P&ARD-ലെ ഖണ്ഡിക 5 ലെ വ്യവസ്ഥയാണ് ബാധകം. എന്നാൽ ടി ഉത്തരവിലെ ഖണ്ഡിക 6 ലെ വ്യവസ്ഥയായ 10% ഒഴിവ് സംബന്ധിച്ച വ്യവസ്ഥയുടെ കാര്യത്തിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ചാണെങ്കിൽ, ശ്രീ.മല്ലൻ സി ആദിവാസി വിഭാഗത്തിൽപ്പെട്ട വനമേഖലക്കുള്ളിൽ ജനിച്ച് വളർന്ന ആളും മതിയായ യാത്ര സൗകര്യം ഇല്ലാത്തതിനാൽ 15 കി.മീ ദൂരം കാൽനടയായി യാത്ര ചെയ്ത് സ്വന്തം വാസസ്ഥലത്ത് എത്താൻ കഴിയുകയുള്ളൂ എന്ന ടിയാന്റെ സാഹചര്യവും കണക്കിലെടുത്ത്, തികച്ചും അനുകമ്പാർഹമായ ഒരു കേസായി പരിഗണിക്കാമെന്ന് ഭരണവകുപ്പ് കരുതുന്ന പക്ഷം, ടി വ്യവസ്ഥയിൽ ഇളവ് നൽകി അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിൽ ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് തേടി അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു".

5) ശ്രീ. മല്ലൻ. സി യുടെ അപേക്ഷ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ടിയാന്റെ താമസ സ്ഥലമായ വനമേഖലയ്ക്ക് അടുത്തുള്ള അഗളി, മണ്ണാർക്കാട് എന്നീ സ്ഥലങ്ങളിൽ ഉള്ള ഏതെങ്കിലും കാര്യാലയത്തിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന അപേക്ഷയിന്മേൽ 02/12/1991-ലെ സ.ഉ(പി)നം. 36/91/ഉ.ഭ.പ.വ ഉത്തരവിലെ ഖണ്ഡിക 6 ലെ വ്യവസ്ഥകളിന്മേൽ ഇളവ് അനുവദിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി, ഈ വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**തീരുമാനിക്കേണ്ട വിഷയം**

പൊതുമരാമത്ത് വകുപ്പിൽ, തൃശ്ശൂർ, PWD റോഡ്സ് ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. മല്ലൻ. സി - യുടെ അപേക്ഷ പരിഗണിച്ച്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, 02/12/1991-ലെ സ.ഉ(പി)നം. 36/91/ഉ.ഭ.പ.വ ഉത്തരവിലെ ഖണ്ഡിക 6 ലെ വ്യവസ്ഥയിന്മേൽ ഇളവ് നൽകി ടിയാന് പാലക്കാട് ജില്ലയിലെ അഗളി, മണ്ണാർക്കാട് എന്നിവിടങ്ങളിലെ ഏതെങ്കിലും പൊതുമരാമത്ത് വകുപ്പ് കാര്യാലയത്തിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിയ്ക്കാമോ ?